പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2590 20.06.2013-ൽ മറുപടിക്ക്.

## പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം ഉയർത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. എം.എ.വാഹിദ്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്ക് 5000/- രൂപയും ആയമാർക്ക് 3500/- രൂപയും ഓഗസ്റ്റ് 2012 മുതൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ച് 7/12/2012 ലെ ജി.ഒ (എം.എസ്)നം.385/12/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ നിശ്ചിത യോഗ്യതനേടാത്തതും 1/8/2012 ന് ഒരു വർഷമെങ്കിലും സർവ്വീസ് പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും കൂടി വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം അനുവദിക്കുന്നതിന് 25/4/2013 ലെ ജി.ഒ (എം.എസ്)നം.146/13/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സർക്കാർ സ്കൂളുകളിലെ പ്രൈമറി ക്ലാസുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് വേണ്ടിയാണ് സർക്കാർ സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി ആരംഭിച്ചിട്ടുള്ളത്.

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്ത് പി.ടി.എയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളിലെ കുട്ടികളുടെ മാനസികോല്ലാസത്തിനും വികാസത്തിനും ഉതകുന്ന വിധത്തിൽ 1370 പ്രീ-പ്രൈമറികളിൽ 10,000/ രൂപ നിരക്കിൽ കളിഉപകരണങ്ങൾ വാങ്ങുന്നതിന് 2012-13 ലെ ബഡ്ജറ്റ് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ 137 ലക്ഷം രൂപ ചിലവഴിച്ചിട്ടുള്ളതാണ്. കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ പ്രീ-പ്രൈമറിക്കായി 87 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ